**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രം മുഖേന സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും നിലവിലുള്ളതുമായ ജീവനക്കാർക്ക്, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ തുടർച്ചയായ പരിശീലന പരിപാടികൾ നൽകി വരുന്നു. കൂടാതെ, സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസത്തോടെ പൂർണ്ണമായും ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവൺമെന്റിൽ 2022 ജൂൺ മാസത്തോട് കൂടി NIC യുടെ സാങ്കേതിക സഹായത്തോടെ 100% e-office നിർബന്ധമായും പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30.04.2021 ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 8 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകി വരുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനം സമയബന്ധിതമായി ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ഒാരോ വകുപ്പിലും അതത് വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം സർക്കാർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ഒൗദ്യോഗിക രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2022 ആഗസ്റ്റ് മാസത്തോടെ കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് നടപ്പിലാക്കേണ്ട വകുപ്പുകളിൽ വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വിവരശേഖരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ